കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബി.പി.എൽ. സർവ്വെ 2009 - പട്ടികവർഗ്ഗ കുടുംബങ്ങളെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(കൈ) നം. 304/2012/തസ്വഭവ തിരുവനന്തപുരം, തീയതി, 23/11/2012

---

പരാമർശം:- 1. സ.ഉ.(കൈ) നമ്പർ 209/2011/തസ്വഭവ, തീയതി: 07/09/2011

2. ഗ്രാമവികസന കമ്മീഷണറുടെ 28/09/2012 - ലെ 9548/ഡി.പി.1/ 09/ഗ്രാ.വി.ക. നമ്പർ കത്ത്.

<u>ഉത്തരവ്</u>

സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗസ്ഥർ ഒഴികെ എല്ലാ പട്ടിക വർഗ്ഗ കുടുംബങ്ങളേയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

ഒരു വീട്ടിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരായ ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥനും, ഭർത്താവ്/ഭാര്യയും പ്രായപൂർത്തിയാകാത്ത മക്കളും ഉൾപ്പെടുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ എ.പി.എൽ. കുടുംബമായും ആ കുടുംബത്തിലെ മറ്റംഗങ്ങളിൽ ആരും സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലയിലെ സ്ഥിരം ജോലിക്കാരല്ലെങ്കിൽ അവരെ ആ വീട്ടിലെ പ്രത്യേക കുടുംബമായി കണക്കാക്കി ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണെന്നും പ്രസ്തുത ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ട പ്രസ്തുത കുടുംബങ്ങളിലെ അംഗങ്ങൾ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലയിൽ സ്ഥിരം ജോലി ലഭിക്കുമ്പോൾ സ്വമേധയാ ബി.പി.എൽ. പട്ടികയ്ക്ക് പുറത്താവുമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം ഗ്രാമ വികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഒരു വീട്ടിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരായ ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥനും, ഭർത്താവ്/ഭാര്യയും പ്രായപൂർത്തിയാകാത്ത മക്കളും ഉൾപ്പെടുന്ന പട്ടികവർഗ്ഗ കുടുംബങ്ങളെ എ.പി.എൽ. കുടുംബമായും ആ കുടുംബത്തിലെ മറ്റംഗങ്ങളിൽ ആരും സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലയിലെ സ്ഥിരം ജോലിക്കാരല്ലെങ്കിൽ അവരെ ആ വീട്ടിലെ പ്രത്യേക കുടുംബമായി കണക്കാക്കി ബി.പി.എൽ.

വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു. പ്രസ്തുത ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങൾ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലയിൽ സ്ഥിരം ജോലി ലഭിക്കുമ്പോൾ സ്വമേധയാ ബി.പി.എൽ. പട്ടികയ്ക്ക് പുറത്താവുമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തി പരാമർശം (1) ലെ ഉത്തരവ് ഭേദഗതിവരുത്തി ഉത്തരവാകുന്നു.

പരാമർശം (1) ലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം),
**റ്റി.ജെ. മാത്യു,**
**സെക്രട്ടറി**

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
2. എല്ലാ നഗരസഭാ അദ്ധ്യക്ഷൻമാർക്കും/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
3. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
4. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
6. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
7. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
8. എല്ലാ ജില്ലാ കളക്ടർമാർക്കും.
9. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
10. എല്ലാ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
11. എല്ലാ ജില്ലാ കുടുംബശ്രീമിഷൻ കോ-ഓർഡിനേറ്റർമാർക്കും.
12. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.
13. ഡയറക്ടർ, പബ്ളിക് റിലേഷൻസ്, തിരുവനന്തപുരം.
14. ഡയറക്ടർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം, തിരുവനന്തപുരം.
15. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
16. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ